**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 827** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ജൽ ജീവൻ മിഷൻ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. കെ. സനോജ് ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** മട്ടന്നൂർ മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

**<u>മറുപടി:</u>** മട്ടന്നൂർ മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി പഞ്ചായത്ത് അടിസ്ഥാനത്തിൽ **<u>അനുബന്ധം</u>** ആയി ചേർക്കുന്നു.

**(ബി)** മാലൂർ ഗ്രാമപഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ത്വരിതഗതിയിലാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** മാലൂർ പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി 39% പുരോഗതി കൈവരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ 159 കി.മീ. പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. ചിത്രമലയിൽ 1.50 LL ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ചിത്രപീടത്തു 8.00 LL ജലസംഭരണിയുടെ നിർമ്മാണം പുരോഗമി ക്കുന്നുണ്ട്. പാലുകാച്ചിപ്പാറയിൽ 1.00 LL ഉന്നതതല ജലസംഭരണിയുടെ പ്രാരംഭ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പട്ടുപാറയിൽ 0.25 LL ജലസംഭരണി നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം പഞ്ചായത്ത് ലഭ്യമാക്കേണ്ടതുണ്ട്.

പട്ടുപാറയിൽ നിന്ന് പാലുകാച്ചിപ്പാറയിലെ ഉന്നതതല ജലസംഭരണിയിലേക്ക് പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനായി BSNL-ന്റെ ഉടമസ്ഥതയിലുള്ള റോഡിന്റെ അനുമതി നാളിതുവരെയും ലഭ്യമായിട്ടില്ല.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീട്ടുകൾ | JJM ന് മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിൽ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ |
|---|---|---|---|---|---|---|---|
| ചിറ്റാരിപ്പറമ്പ് | 5950 | 0 | 5950 | 7552.72 | 0 | 0 | 5950 |
| കീഴല്ലൂര് | 4165 | 987 | 3178 | 8724.00 | 2332 | 3319 | 846 |
| കൊളയാട് | 4863 | 1078 | 4125 | 4886.15 | 0 | 1078 | 3785 |
| കൂടാളി | 5533 | 1876 | 5635 | 5261.00 | 4458 | 6334 | 0 |
| മാലൂർ | 5139 | 0 | 5139 | 6769.00 | 0 | 0 | 5139 |
| മാങ്ങാട്ടിടം | 7852 | 146 | 7706 | 11346.00 | 3638 | 3784 | 4068 |
| പടിയൂർ കല്ല്യാട് | 4938 | 494 | 5048 | 1920.00 | 3508 | 4002 | 936 |
| തില്ലങ്കേരി | 2959 | 20 | 2939 | 2906.75 | 3598 | 3618 | 0 |
| **അകെ** | **41399** | **4601** | **39720** | **49365.62** | **17534** | **22135** | **20724** |